**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 4116** **24.06.2019-ൽ മറുപടിയ്ക്ക്**

**ലളിതകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്ജ് | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ലളിതകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) ദൃശ്യകലയെ പ്രോത്സാഹിപ്പിക്കുക, ചിത്ര-ശില്പകലാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പഠന ഗവേഷണ സൗകര്യങ്ങൾ ഒരുക്കുക, സംസ്ഥാനത്തെ കലാകാരന്മാരുടെയും കലാസ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, ചിത്രകല, ശില്പകല, കാർട്ടൂൺ, ഫോട്ടോഗ്രാഫി കലാകാരന്മാർക്ക് പ്രോത്സാഹനം നൽകുന്നതിനായി ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷനുകൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക, ചിത്ര-ശില്പ കലാരംഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, ഈ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ആർട്ട് ഗ്യാലറികൾ ആരംഭിക്കൽ, കലാകാരന്മാർക്ക് ഉതകുംവിധം ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പ്രഗത്ഭരായ കലാകാരന്മാർക്കും കലാകാരികൾക്കും അവരുടെ പ്രാഗത്ഭ്യത്തിനൊത്ത് അവാർഡുകളും അംഗീകാരങ്ങളും നൽകുക, പാരമ്പര്യ ദൃശ്യകലാരൂപങ്ങളുടെ പ്രോത്സാഹനം, കുട്ടികൾക്കായി കലാപരിശീലന പരിപാടികൾ ഒരുക്കുക, അടിയന്തിര ഘട്ടങ്ങളിൽ ആർട്ടിസ്റ്റുകൾക്ക് സഹായം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് കേരള ലളിതകലാ അക്കാദമി നടത്തി വരുന്നത്. |
| ബി) 2018-19-ലെ കാർട്ടൂൺ പുരസ്കാരം നേടിയ കാർട്ടൂണും അതിന്റെ രചയിതാവ് ക്രൈസ്തവസഭയെ അവഹേളിക്കുന്ന | ബി) കേരള ലളിതകലാ അക്കാദമി ഈ വർഷത്തെ കാർട്ടൂൺ പുരസ്കാരം പ്രഖ്യാപിച്ചതുമായി ബന്ധപ്പെട്ട് ചില വിവാദങ്ങൾ ഉയർന്നു വരികയും |

| | |
|---|---|
| എന്ന് ആക്ഷേപമുള്ള രീതിയിൽ ഉള്ള കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; | ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ വിഷയം സബ്മിഷനായി നിയമസഭയിൽ ഉന്നയിക്കുകയും കെസിബിസി മുതലായ സംഘടനകൾ അക്ഷേപം ഉന്നയിക്കുകയും ചെയ്തിരുന്നു. ഒരു മതവിഭാഗത്തിന്റെ മതചിഹ്നങ്ങളെ മോശമായി ചിത്രീകരിക്കുന്ന ഒന്നാണ് അവാർഡിന് അർഹമായ 'വിശ്വാസം രക്ഷതി' എന്ന കാർട്ടൂൺ എന്നതായിരുന്നു വിമർശനങ്ങളുടെ പ്രസക്തഭാഗം. സർക്കാർ ഈ വിഷയം പരിശോധിച്ചതിൽ ഇത്തരമൊരു ആക്ഷേപത്തിൽ കഴമ്പുണ്ടെന്ന് കാണുകയും കാർട്ടൂണിന് പുരസ്കാരം നൽകിയ നടപടി പുനഃപരിശോധിക്കണമെന്ന് ലളിതകലാ അക്കാദമിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| സി) 2018-19-ലെ അവാർഡ് സി) നിർണ്ണയക്കമ്മിറ്റിയിലെ മെമ്പർമാർ ആരെല്ലാമായിരുന്നു; ഏതൊക്കെ മേഖലയിൽ നിന്നുള്ളവരെയാണ് തിരഞ്ഞെടുത്തത്; വ്യക്തമാക്കാമോ? | 2018-19-ലെ അവാർഡ് നിർണ്ണയകമ്മിറ്റിയിലെ ജൂറിമാർ ശ്രീ.പി.വി. കൃഷ്ണൻ, ശ്രീ സുകുമാർ, ശ്രീ മധു ഓമല്ലൂർ എന്നിവരാണ്. കാർട്ടൂണിങ്ങ്, കാരിക്കേച്ചർ എന്നീ മേഖലകളിൽ നിന്നുള്ളവരെയാണ് അവാർഡ് നിർണ്ണയ കമ്മിറ്റിയിലെ മെമ്പർമാരായി കേരള ലളിതകലാ അക്കാദമി പരിഗണിച്ചത്. |

സെക്ഷൻ ഓഫീസർ.